# PREVIOUS YEAR QUESTIONS ON *AMMATHOTTIL,CLASS 10*

1. ഇപ്പെരും മാളിന്റെ ( ഇപ്പെരുമാളിന്റെ?) - ഈ വരികളിലെ ചോദ്യചിഹ്നം ധ്വനിപ്പിക്കുന്നതെന്തെല്ലാം?
2. "തൊട്ടിലിൽ താരാട്ടുമ്പോൾ നീ പഠിച്ചൊരാ പാഠം
 വിട്ടു പോകില്ല നിന്നെ യന്ത്യകാലത്തോളവും" (ഉള്ളൂർ) - കവിയുടെ ഈ പ്രതീക്ഷ 'അമ്മത്തൊട്ടിലെ മകന്റെ പ്രവൃത്തിയുമായി ബന്ധിപ്പിച്ച് വിലയിരുത്തുക ?(4)
3. "മങ്ങിപ്പഴകിയ പിഞ്ഞാണവർണമായ്
പാടയും പീളയും മൂടിയ കണ്ണുകൾ "- അമ്മയുടെ ദൈന്യം വായനക്കാരന്റെ മനസ്സിനെ നൊമ്പരപ്പെടുത്തുന്ന വാങ്മയചിത്രമായാണ് ഇവിടെ അവതരിപ്പിക്കുന്നത് . മങ്ങിപ്പഴകിയ പിഞ്ഞാണവും അമ്മയുടെ കണ്ണുകളും തമ്മിലുള്ള സാദൃശ്യകല്പനയുടെ ഔചിത്യം വ്യക്തമാക്കുക?
4. "എങ്ങിനി കൊണ്ടിറക്കേണ്ടു സ്വയം ബുദ്ധി
കെട്ടു കരിന്തിരിയാളും വരെയവർ "- ( അമ്മത്തൊട്ടിൽ)
 "ഇവിടെ അമ്മയെ തനിച്ച് നിർത്തിയിട്ട് ഞാനെങ്ങന്യാ പോവ്വാ"
രണ്ടു രചനകളിലും മക്കൾക്ക് അമ്മയോടുള്ള സമീപനം ഒന്നാണോ.? താരതമ്യം ചെയ്ത് വാർധക്യത്തോടുള്ള പുതു തലമുറയുടെ മനോഭാവത്തെക്കുറിച്ച് ലഘു പ്രഭാഷണം എഴുതുക ?(6)
5. "പീളയടിഞ്ഞ് നിറം പോയ കണ്ണുകളെന്തേ
 യടയ്ക്കാതെ വെച്ചമ്മ നിർദയം "- അടിവരയിട്ട ഭാഗം നൽകുന്ന സൂചനകൾ എന്തെല്ലാം.?(4)

Visit my youtube:***mukulam malayalam*** **for 10th AT and BT FOCUSED VIDEO LESSONS,PDF Notes,**

6. അന്നത്തെ സൂചിപ്രയോഗത്തിൽ നീറ്റൽ പോലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ് - കാവ്യ സന്ദർഭം കവിതയെ ഭാവതീവ്രമാക്കുന്നതെങ്ങനെ ? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.
7. "എങ്ങിനി കൊണ്ടിറക്കേണ്ടു സ്വയം
 ബുദ്ധി കെട്ടുകരിന്തിരിയാളും വരെയവർ"
 ഒന്നെന്നെ കൊണ്ടു പോയീടണമെന്നുള്ള
 ശല്യപ്പെടുത്തൽ പ്രതിഷ്ഠിച്ച കോവിലിൽ "- അമ്മത്തൊട്ടിൽ എന്ന കവിതയുടെ പ്രമേയം വിശകലനം ചെയ്ത് 'വാർധക്യത്തോടുള്ള സമകാലിക സമൂഹത്തിന്റെ മനോഭാവം' -എന്ന വിഷയത്തിൽ ഒരു പ്രഭാഷണം തയ്യാറാക്കുക.?
8. "കാച്ചെണ്ണ ചേരുന്ന ഗന്ധം, പുലർച്ചെ
യോലക്കൊടികൾ പുകയുന്നതിൻമണം!- അമ്മയെ ഉപേക്ഷിക്കുന്നതിൽ നിന്നു മകനെ തടയുന്നത് ഓർമകളാണ് 'അമ്മത്തൊട്ടിൽ' എന്ന കവിതയിൽ ഓർമകൾക്കുള്ള സ്ഥാനം എന്ത്? കുറിപ്പെഴുതുക?(4)
4. അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽ പോലൊന്ന് മനസ്സിലൂടമ്പോൾ കടന്നു പോയ് _ ഇവിടെ സൂചി പ്രയോഗത്തിന്റെ നീറ്റലായി പറഞ്ഞിരിക്കുന്നത് എന്തിനെ?
10. കണ്ണുകൾ കണ്ണുകൾ മങ്ങിപ്പഴകിയ ......
 പാടയും പീളയും മൂടിയ കണ്ണുകൾ - അമ്മയുടെ കണ്ണുകളെ ഇങ്ങനെ വിശേഷിപ്പിച്ചതിന്റെ കാരണമെന്തെല്ലാം? രണ്ടെണ്ണം കുറിക്കുക?
11. കൈച്ചുള്ളികൾ - ശരിയായ പിരിച്ചെഴുത്ത് ഏത്? (1)
12. അമ്മയെ തെരുവിലുപേക്ഷിക്കാനെത്തുന്ന മകന്റെ മാനസിക സംഘർഷങ്ങൾ ആവിഷ്കരിക്കുന്നതെങ്ങനെ? "അമ്മത്തൊട്ടിൽ" എന്ന കവിതയെ അടിസ്ഥാനമാക്കി വിലയിരുത്തുക?
13. "പെറ്റു കിടക്കും തെരുവുപട്ടിക്കെന്തൊ
 രുറ്റം കുരച്ചത് ചാടിക്കുതിക്കുന്നു."- ഈ വരികളിൽ തെളിയുന്ന മാതൃസ്നേഹം രണ്ടോ മൂന്നോ വാക്യത്തിൽ

എഴുതുക.?

14. "ഒന്നിനും കൊള്ളരുതാത്തവനെന്നവൾ

ഇന്നും പഴി പറഞ്ഞേക്കാം, മടങ്ങാതെ

വയ്യ തലയ്ക്കകത്തെന്തോ പെരുക്കുന്നു. "_ വൈകിയാണെങ്കിലും തെറ്റ് തിരിച്ചറിയുന്ന മകനെയാണോ ഈ വരികളിൽ കാണുന്നത്.പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.?

15. നീരറ്റു വറ്റിവരണ്ട കൈക്കുള്ളികൾ

നീരാതെ മാറോട് ചേർത്ത വെച്ചിട്ടുണ്ട് -വരികളിലെ കാവ്യപരമായ ഏതെങ്കിലും രണ്ട് സവിശേഷതകൾ എഴുതുക.?

Visit my youtube: ***mukulam malayalam*** **for 10th AT and BT FOCUSED VIDEO LESSONS,PDF Notes**

16. പെറ്റു കിടക്കും തെരുവുപട്ടിയ്ക്കെന്തൊ

ുറ്റം കുരച്ചത് ചാടിക്കുതിക്കുന്നു. _ ഈ വരികൾ കവിതക്ക് ഭാവതീവ്രത നൽകുന്നതെങ്ങനെ?

17. 'അമ്മത്തൊട്ടിൽ' എന്ന കവിതയുടെ സമകാലിക പ്രസക്തി വ്യക്തമാക്കി "വർധക്യം ഒരു ശാപമല്ല"എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.?

18. അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽ

പോലൊന്ന് മനസ്സിലൂടപ്പോൾ കടന്നു പോയി - വരികൾ വിശകലനം ചെയ്ത് പൊരുൾ വ്യക്തമാക്കുക?

19. "കേരളത്തിന്റെ സാമൂഹ്യ ജീവിതത്തിന്റെ ജീർണത വിളിച്ചോതുന്ന കവിതയാണ് 'അമ്മത്തൊട്ടിൽ'. മലയാളിയുടെ വികൃതമുഖം ഈ കവിതയിൽ ദർശിക്കാം." പ്രസ്താവന വിലയിരുത്തി നിങ്ങളുടെ പ്രതികരണക്കുറിപ്പ് തയ്യാറാക്കുക?

20 .'അമ്മത്തൊട്ടിൽ' എന്ന കവിത മുന്നോട്ട് സാമൂഹ്യ പ്രശ്നമെന്ത്?

21. അമ്മയെ ഉപേക്ഷിക്കാൻ കൊണ്ടുപോയ മകൻ, വിദ്യാലയ മുറ്റം കണ്ടപ്പോൾ ഓർത്തു പോയതെന്തെല്ലാം - സന്ദർഭം കണ്ടെത്തി കുറിക്കുക.?

22. 'നീരറ്റു വറ്റിവരണ്ട കൈച്ചുള്ളികൾ.......

'കണ്ണുകൾ.... മങ്ങിപ്പഴകിയ പിഞ്ഞാണവർണ്ണമായ് "-(അമ്മത്തൊട്ടിൽ)

"നിറഞ്ഞ ആരോഗ്യവും ആനയുടെ കരുത്തു മുണ്ടായിരുന്നയാളാ. ഇന്ന് എഴുന്നേറ്റ് നിൽക്കാൻ പോലും കരുത്തില്ല"-(പ്ലാവിലക്കഞ്ഞി)

'ആയുസ്സും ആരോഗ്യവും കുടുംബത്തിനും സമൂഹത്തിനും വേണ്ടി ചെലവഴിച്ച രണ്ടു കഥാപാത്രങ്ങളാണിവർ. മക്കൾക്ക് ഉണയായി തീരുന്നത് ഇതുപോലുള്ള ജീവിതങ്ങളാണ്.' വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക?

23. നാം വളർത്തി വലുതാക്കിയ ഈ പുതിയ തലമുറ നമ്മെ ഒട്ടും ഗൗനിക്കുന്നില്ല. പഴതൊക്കെ മോശാണെന്നാ അവരുടെ പക്ഷം. അവർ പഴയ വീടുകൾ പൊളിച്ച് പുതിയത് പണിയുന്നു.പുതിയ തരം വീട്ടുപകരണങ്ങൾ വാങ്ങിക്കുന്നു. അതിനെടയിൽ നമ്മൾ മാത്രമാണ് പഴയൊരു വസ്തു.(എഴുപതുകാരുടെ യോഗം - അശോകൻ ചരുവിൽ) - കഥാഭാഗവും 'അമ്മത്തൊട്ടിൽ' എന്ന കവിതയെയും മുൻനിർത്തി വാർധക്യത്തോട് പുതുതലമുറയുടെ സമീപനം എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക?

---

Visit my youtube:***mukulam malayalam*** **for 10th AT and BT FOCUSED VIDEO LESSONS,PDF Notes, question paper analysis,detailed VIDEO LESSONS and new pattern MODEL QUESTION PAPER.PH:9562521509. Email:sbtckr@gmail.com**